# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4557 — 18.05.2017-ൽ മറുപടിയ്ക്ക്

## ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.സ്വരാജ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |

എ) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭക്ഷ്യ സംസ്കരണ മേഖലയിൽ നൈപുണ്യ വികസന പദ്ധതി, സാങ്കേതിക ശിൽപ്പശാല, എക്സിബിഷൻ എന്നിവ നടത്തിവരുന്നു.

ഭക്ഷ്യസംസ്കരണ രംഗത്ത് നിക്ഷേപങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലും, പത്തനംതിട്ടയിലെ അടൂരും ഭക്ഷ്യസംസ്കരണ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെല്ലാടിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി ഒരു മേഖല സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ കിൻഫ്ര ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്.

കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്രസഹായത്തോടെ ചേർത്തല വ്യവസായ വളർച്ച കേന്ദ്രത്തിൽ 65 ഏക്കർ സ്ഥലത്ത് ഒരു മെഗാഫുഡ് പാർക്ക് തുടങ്ങുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള കണ്ണൂർ കുത്തുപറമ്പ് വ്യവസായ വളർച്ചാ കേന്ദ്രത്തിലും കോഴിക്കോട് കിനാലൂർ വ്യവസായ

വളർച്ചാ കേന്ദ്രത്തിലും ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് അടിസ്ഥാന സൗകര്യ ങ്ങളോടു കൂടിയ സ്ഥലം നല്കുന്നുണ്ട്.

**ബി)** ഇതിലൂടെ എത്ര വ്യവസായങ്ങൾ സ്ഥാപിതമായി എന്ന് അറിയിക്കാമോ;

**ബി)** ഭക്ഷ്യസംസ്കരണ മേഖലയിൽ 2016-17 ൽ ഏകദേശം 1850 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിതമായിട്ടുണ്ട്. കിൻഫ്രയുടെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ ഭക്ഷ്യസംസ്കരണ പാർക്കിൽ 24 ഭക്ഷ്യസംസ്കരണ വ്യവസായങ്ങളും, എറണാകുളം ജില്ലയിലെ നെല്ലാടിലെ ഭക്ഷ്യസംസ്കരണ മേഖലയിൽ 31 വ്യവസായങ്ങളും അടൂരിലെ ഭക്ഷ്യസംസ്കരണ പാർക്കിൽ ഭൂമി അനുവദിച്ച 14 സംരംഭകരിൽ 8 വ്യവസായ യൂണിറ്റുകളും പ്രവർത്തിച്ച് വരുന്നു. മറ്റുള്ളവ നിർമ്മാണ ഘട്ടത്തിലാണ്. കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തല മെഗാഫുഡ് പാർക്കിൽ 14 സമുദ്ര/ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 8 ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും കണ്ണൂരിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 4 വ്യവസായങ്ങൾക്കും സ്ഥലം അനുവദിച്ച് നല്കിയിട്ടുണ്ട്.

**സി)** ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**സി)** പ്രസ്തുത സ്ഥാപനങ്ങളിലൂടെ സുഗന്ധ വ്യഞ്ജനങ്ങളുടെ ഉല്പന്നങ്ങൾ, കറി പൗഡർ, ശുദ്ധീകരിച്ച വെളിച്ചെണ്ണ, ഐസ്ക്രീം ഉല്പന്നങ്ങൾ, ആട്ട, സൂചി, മൈദ, ചോക്ലേറ്റ്, കശുവണ്ടി അധിഷ്ഠിത ഉല്പന്നങ്ങൾ, ബേക്കറി ഉല്പന്നങ്ങൾ, പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സംസ്കരണവും ശീതീകരണവും, നാളികേര അധിഷ്ഠിത മൂല്യവർദ്ധന ഉല്പന്നങ്ങളായ കോക്കനട്ട് മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വിവിധ തരം അച്ചാറുകൾ, സമുദ്ര ഭക്ഷ്യ സംസ്കരണം എന്നിവ ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**